14

# ജനനവും ശൈശവവും

## മത്താ. 1, 2; ലൂക്കൊസ് 1, 2

1. **ദർശനങ്ങളുടെ പരമ്പര**. – നാല് ദർശന പരമ്പരകളോടുകൂടെയാണ് സുവിശേഷ ചരിത്രം ആരംഭിക്കുന്നത്.

*a. സെഖര്യാവിന്റെ ദർശനം.* – കുറ്റമില്ലാത്ത ജീവിതത്തിനുടമയായ വൃദ്ധ പുരോഹിതനായിരുന്നു സെഖര്യാവ്. അവൻ തന്റെ ദൈവാലയ ചുമതല കൾ നിർവ്വഹിച്ചുകൊിരിക്കുമ്പോൾ, ദാനീയേലിന് വെളിപ്പെട്ടതായ ഗബ്രി യേൽ ദൂതൻ (ദാനി. 9:21–23) അവനു പ്രത്യക്ഷനായി, വരുവാനുള്ള മശി ഹയെ കുറിച്ചും, അവരുടെ പ്രാർത്ഥനക്ക് മറുപടിയായി അവന്റെ ഭാര്യ എലി ശബത്ത് ഒരു മകനെ പ്രസവിക്കുമെന്നും അരുളി ചെയ്തു. ആ വാഗ്ദാനം ഉറപ്പിക്കുന്നതിന്റെ അടയാളമായി, അത് നിറവേറുന്നതുവരെ അവൻ സംസാ രിക്കാതെയിരിക്കും.

*b. മറിയയുടെ ദർശനം.* – എലിശബത്തിന് ദാവീദിന്റെ വംശാവലിയിൽ, ഒരു സഹോദരിയായ, മറിയ ഉായിരുന്നു. അവൾ യോസേഫ് എന്ന പുരു ഷന് വിവാഹനിശ്ചയം ചെയ്തിരുന്നുവെങ്കിലും, അവിവാഹിതയായിരുന്നു. അവൾക്ക് അതേ ദൂതൻ പ്രത്യക്ഷനായി സന്തോഷകരമായ ഒരു ദൂത് കൊടു ത്തു, അതും, അവൾ ഒരു മകനെ പ്രസവിക്കും എന്നായിരുന്നു: അത്, പരി ശുദ്ധാത്മാവിനാൽ ഉള്ള ജനനം ആയിരിക്കും, അവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും, മനുഷ്യരുടെ രക്ഷകനും ആയിത്തീരും. ആഹ്ലാദഭരിതയായി, അവളുടെ ഗലീലിയിലുള്ള, നസ്രേത്തിലെ ഭവനത്തിൽ നിന്ന്, മലമ്പ്രദേശ മായ യെഹൂദ്യയിലെ അവളുടെ സഹോദരിയെ സന്ദർശിക്കുവാൻ പോയി.

*c. യോസേഫിന്റെ ദർശനം.* – അവൾ നസ്രേത്തിലേക്ക് മടങ്ങിവരു മ്പോൾ, മറിയയുടെ സന്തോഷം ദുഃഖമായി മാറി. യെഹൂദന്മാർക്കിടയിൽ, വിവാഹ നിശ്ചയം വിവാഹം പോലെ വിശുദ്ധമായിരുന്നു; മറിയയുടെ ഉട മ്പടി ലംഘനം വെളിപ്പെട്ടാൽ അവളെ നിന്ദാകരമായ മരണത്തിന് ഇടയാ ക്കും. എന്നാൽ മൂന്നാമത്തെ ദർശനം യോസേഫിന് ഉായതുകൊ് ആ സംഭവത്തിന് പ്രത്യേകമായ മൂല്യം ലഭിക്കുകയും, വാഗ്ദാന സന്തതിയെ പ്രവചനപേരായ ഇമ്മാനുവേൽ – ദൈവം നമ്മോടുകൂടെ എന്ന അർത്ഥ ത്തിൽ വിളിച്ചു (*ഒ.വാ.* മത്താ. 1:23; യെശയ്യ. 7:14).

2. **ബേത്‌ലഹെമിലെ പുൽത്തൊട്ടി**. – തക്കസമയത്ത് രു വാഗ്ദാന ങ്ങളും നിറവേറി. ദൈവീക നിർദ്ദേശമനുസരിച്ച് സെഖര്യാവിന്റെയും എലി ശബത്തിന്റെയും മകന് യോഹന്നാൻ എന്നു പേരിട്ടു. ഏതാനും മാസ ങ്ങൾക്കുശേഷം മറിയ ആദ്യമായി ഒരു കുഞ്ഞിന് ജന്മം നൽകുകയും, ദർശ നപ്രകാരം അവന് *യേശു* – രക്ഷകൻ എന്നും പേരിട്ടു. ഇവിടെ, മറ്റു പല വഴികളിലേതുപോലെ, മനുഷ്യരുടെ പദ്ധതികൾ അറിയാതെ ദൈവത്തിന്റെ ഉദ്ദേശവുമായി പിണഞ്ഞിരിക്കുന്നു. മശിഹ ബേത്‌ലഹേമിൽ ജനിക്കേി യിരുന്നു (മീഖാ. 5:2). മറിയയുടെ ഭവനം ദൂരെ നസ്രേത്തിലായിരുന്നു. അഗ സ്തോസ് കൈസർ പേർ ചാർത്തുന്ന കല്പന പുറപ്പെടുവിച്ചതുകൊ്

യോസേഫും മറിയയും അവരുടെ ജന്മഗ്രാമമായ ബേത്‌ലഹെമിലേക്കു പോയി. മാർട്ടിൻ ലൂതറിന്റെ അമ്മയെ പോലെ, കഷ്ടതയുള്ള അദ്ധ്വാനം മറിയയെ വീട്ടിൽ നിന്നു പുറപ്പെട്ടുപോകാൻ ഇടയാക്കി. സത്രത്തിൽ ഇടമില്ലാതിരിക്കയും, ആ താഴ്ന്ന ജോഡികൾ അഭയം കത്തെിയത് തൊഴുത്തിലായിരുന്നു. അവിടെ, എന്നാൽ അഗസ്തോസ് തന്റെ സാമ്രാജ്യം വിപുലമാക്കുവാനുള്ള തിരക്കിലും, ഹെരോദാവു നീചമായ ഗൂഢാലോചനകൾ നടത്തുകയും, വലിയ ലോകത്തിൽ ഓരോരുത്തനും താന്താന്റെ വഴി പിന്തുടർന്നുകൊിരുന്നപ്പോഴും, എല്ലാവരും ആ നൈമിഷിക സംഭവമായ, *ദൈവമനുഷ്യൻ* ജനിച്ചു എന്നത് അറിഞ്ഞില്ല.

**3. ആടിടയന്മാരുടെ ദർശനം.–** ഭൂമി അറിയാതെ ആയിരുന്നു അവന്റെ രാജാവിന്റെ ആവിർഭാവം; എന്നാൽ സ്വർഗ്ഗത്തിനു നിശബ്ദമായിരിക്കുവാൻ കഴിഞ്ഞില്ല. ദൂതന്മാർ സുവാർത്തകൾ കൊുവരികയും, "ഭൂമിയിൽ സമാധാനം" എന്നു പാടുകയും ചെയ്തു[1]; രാജാക്കന്മാർക്കോ രാജധാനികൾക്കോ അല്ല, അഹംഭാവികളായ പുരോഹിതന്മാർക്കുമല്ല, അല്ലെങ്കിൽ ഡംഭുള്ള പരീശന്മാരോടുമായിരുന്നില്ല, എന്നാൽ താഴ്മയുള്ള ആടിടയന്മാർക്ക് ആയിരുന്നതുകൊ് അവർ അവന്റെ ആ താഴ്ചയുള്ള കൊട്ടിലിലേക്ക് പോവുകയും, ലോകത്തിന്റെ വീടെുപ്പുകാരന് ഭൂമിയിൽ ആദ്യമായി ആദരവു പ്രകടിപ്പിക്കുകയും ചെയ്തു. സാധാരണക്കാരുടെ മുന്നോടികളും പ്രതിനിധികളുമായവർ അവനെ "സന്തോഷത്തോടെ കേൾക്കുകയും,"[2] അവർ അവന്റെ ശിഷ്യന്മാരായി തീരുകയും ചെയ്തു.

**4. ദേവാലയത്തിലെ കൂട്ടം.–** പരിഛേദനയും പേരിടലും, യെഹൂദന്മാരുടെ ആചാരമനുസരിച്ച്, എട്ടാം ദിവസം നടന്നു. നാല്പതുദിവസം കഴിഞ്ഞ്, മറിയ ആറുമൈൽ ദൂരെയുള്ള, യെരുശലേമിൽ പ്രത്യക്ഷയാവുകയും, അത്തരം വഴിപാടുകൾക്ക് ആവശ്യമായതു കൊുവരികയും ചെയ്തു (ലേവ്യാ. 12). "ദേവാലയത്തിന്റെ കർത്താവ് കർത്താവിന്റെ ആലയത്തിൽ പ്രത്യക്ഷനായി." അവരുടെ വ്യക്തമായ ദാരിദ്ര്യം (*ഒ.വാ.* ലൂക്കൊസ് 2:24; ലേവ്യാ. 12:8) പ്രാകാരത്തിലുള്ള പുരോഹിതനെയും ശാസ്ത്രിയെയും ആകർഷിക്കുന്നതായിരുന്നില്ല. എന്നാൽ അവിടെ പോലും, ബേത്‌ലഹേം കുന്നുകളിലേതുപോലെ, ദൈവീക അന്തർജ്ഞാനത്തിന് ഇടമുള്ള ദീർഘകാലമായി–പ്രതീക്ഷിച്ചിരുന്ന മശിഹയ്ക്കുവേി കാത്തിരിക്കുന്ന സന്തോഷത്തോടെ അംഗീകരിക്കുന്ന ദൈവഭക്തിയുള്ള ആത്മാക്കൾ ഉായിരുന്നു. അത്തരം രുപേരായിരുന്നു, പ്രായമായ, ശിമയോനും ഹന്നയും. അവർ എബ്രായദേശത്തിൽ പ്രവചനാത്മാവിനാൽ ഉന്നതസ്ഥാനം നൽകപ്പെട്ട പ്രതിനിധികളായിരുന്നു, അവരാണ് ആദ്യമായി യേശുവിനെ മശിഹയെന്ന് പരസ്യപ്രഖ്യാപനം നടത്തിയത്.

**5. വിദ്വാന്മാരുടെ സന്ദർശനം.–** എന്നാൽ യിസ്രായേലിലെ കർഷകരും പ്രവചനാത്മാക്കളും മാത്രമായിരുന്നില്ല ബേത്‌ലഹേമിലെ ശിശുവിന്റെ തൊട്ടിലിനരികെ എത്തിയത്. വരം ലഭിച്ച ആത്മാക്കൾ വിദൂരസ്ഥലത്തുനിന്നുപോലും ആ വെളിപ്പാടിൽ സന്തോഷിച്ചു. ജാതികളുടെ ലോകത്തെ പ്രതിനിധീകരിച്ചുപോലും ആളുകൾ ക്രിസ്തുവിനെ വന്ന് ആദരിച്ചു. "കിഴക്കുനിന്ന് വിദ്വാന്മാർ യെരുശലേമിൽ വന്ന്, യെഹൂദന്മാരുടെ രാജാവായി പിറക്കുന്നവൻ എവിടെ ജനിക്കുമെന്ന് പറഞ്ഞു? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കാണുകയും അവനെ നമസ്കരിക്കേതിന് വന്നിരിക്കുന്നുവെന്നും പറ

ഞ്ഞു."[3] അവരുടെ പേരിനും ദേശീയതയ്ക്കും പാരമ്പര്യമുള്ളതുപോലെ, നക്ഷത്രത്തിന്റെ സ്വഭാവത്തിനും അവരുടെ അറിവിന്റെ അളവിനുമുള്ള സങ്കല്പങ്ങൾ പ്രയോജനരഹിതമാണ്. എന്നാൽ അവർ വിശാലമായ പ്രത്യാശക്കുവേി കാത്തിരുന്ന അതിർത്തിയിലുള്ള ജാതീയരെയും, പ്രവചനമായ എല്ലാ ജാതികളും രാജാവിനെ സ്നേഹത്തോടെ വന്ദിക്കുമെന്നുള്ള പ്രവചനം നിറവേറ്റുന്ന പ്രതിനിധികളായിരുന്നു.

**6. ഹെരോദാവിന്റെ കല്പനയും മിസ്രയീമിലേക്കുള്ള ഓടിപ്പോക്കും. –** ഹെരോദാവു കഠിനരോഗത്തിന് ഇരയായിത്തീർന്നു. തന്റെ ഇരകൾ അവനിൽ അസൂയയും വെറുപ്പും ഉളവാക്കിയതുകൊ് അവന്റെ സിംഹാസനം നിലനിൽക്കാത്ത രീതിയിൽ ആകുകയും, അതുകൊ് അവന് സ്വസ്ഥമായിരിക്കുവാൻ കഴിയാതെ വരികയും ചെയ്തു. അവന്റെ രാജ്യം മുഴുവനും രാജ്യദ്രോഹം കൊു മൂടപ്പെട്ടിരുന്നു. അത്തരം സമയത്ത്, അത്തരം മനുഷ്യനു, വിദ്വാന്മാരോടു വിദ്വേഷത്തോടെയാണ് അന്വേഷിച്ചത്. ഭയവും കൊല്ലുവാനുള്ള ഉദ്ദേശവും മറച്ചുകൊ്, അവർ ശിശുവിനെ കുമടങ്ങിവന്ന് അവനെ കുറിച്ചുള്ള വിവരം തന്നോട് അറിയിക്കുവാൻ കല്പിക്കുകയും ചെയ്തു. ദൈവീകമായ സൂചന അനുസരിച്ചുകൊ്, അവർ വേറെ വഴിയായി മടങ്ങിപ്പോയി. ഹെരോദാവു തന്റെ കാഴ്ചയിലും ബേത്ലഹേമിലുമുള്ള നിഷ്കളങ്കരായ ശിശുക്കളുടെ മേൽ പ്രതികാരം തീർത്തു. എന്നാൽ അവൻ സ്വയമായി തന്റെ ജീവിതം പാപത്തിനുവേ യാഗമായി അർപ്പിക്കുന്നതിനു കീഴ്പ്പെടുന്നതുവരെ അവനെതിരായി ഒന്നും ചെയ്യുവാൻ ആർക്കും കഴിഞ്ഞില്ല. "അവന്റെ വാൾ കൂട്ടിലേക്ക് കുത്തി എന്നാൽ പക്ഷി പറന്നുപോയി." യോസേഫ്, എപ്പോഴും ദൈവീക നടത്തിപ്പ് സൂക്ഷിച്ചിരുന്നു, അവൻ ഹെരോദാവിന്റെ പ്രദേശം വിട്ട് മിസ്രയീമിലേക്ക് രക്ഷപ്പെട്ടു, എന്നാൽ അപ്പോഴും വലിയ യെഹൂദ ജനസംഖ്യക്കിടയിൽ തന്നെ ആയിരുന്നു. ഹെരോദാവു മരിച്ച ഉടനെ, അർക്കലയോസ് ഭയത്തോടെ, യെഹൂദ്യയിലുള്ള തന്റെ അപ്പന്റെ സിംഹാസനത്തിൽ ഇരിക്കുകയും, യോസേഫ് നസ്രേത്തിലെ തന്റെ ഭവനത്തിലേക്ക് തിരിച്ചുവരികയും ചെയ്തു.

---

കുറിപ്പുകൾ

[1]ലൂക്കൊസ് 2:14. [2]മർക്കൊസ് 12:37. [3]മത്താ. 2:1, 2.